(பி) அந்த றிப்போர்டு சமர்ப்பிக்கப்பட ஆன செலவு என்ன;

(சி) அந்த றிப்போர்ட்டு நடைமுறைக்குக் கொண்டுவருவது பற்றி அரசாங்கம் பரிசீலனை செய்ததா;

(டி) பரிசீலனை செய்ததாயின் அந்த றிப்போர்ட்டின் எந்தெந்தப் பகுதிகள் நடைமுறையில் கொண்டுவரப்பட்டுள்ளது என்று கூறப்படுமா;

(இ) அந்த றிப்போர்ட்டினை நடைமுறையில் கொண்டுவந்தால் 1,83,21,600 ரூபாய் மிச்சம் வருத்திமுடியும் என்று கூறியிருப்பதால் இதனை உடன்டி நடைமுறையில் கொண்டுவர வேண்டிய நடபடிகள் எடுக்கப்படுமா;

முதன் அமைச்சர் (ஸ்ரீ. ஸி. அச்சுதமேனோன்):

(எ) றிப்போர்ட் 1967 ஜனுவரி 30-ம்தேதி அன்று அரசிற்குச் சமர்ப்பிக்கப்பட்டது.

(பி) கமிட்டிக்கும் அதன் ஊழியர்களுக்குமாக ரூ. 1,12,675 செல்விடப்பட்டது.

(சி, டி & இ) கமிட்டியின் சிபாரிசுகளில் சில ஏற்கனவே நிறைவேற்றப்பட்டுள்ளன; சில மறுக்கப்பட்டன; சில ஆய்வு செய்யப்பட்டு வருகின்றன. நிறைவேற்றப்பட்ட காரியங்கள் கீழ் வருவன பற்றியதாகும்.

(i) பணியாளர் தொகுதி நிர்வாகம்

(ii) நிர்வாகம் திறன்ம

(iii) பொருளாதாரம் மற்றும் நிதி கட்டுப்பாடு

(iv) சில துறைகளை புனரமைத்தல். எஞ்சிய சிபாரிசுகளை நிறைவேற்ற நடவடி எடுக்கப்பட்டு வருகிறது.

POINT OF INFORMATION

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: സർ, എനിക്ക് ഒരു സബ്മിഷനുണ്ട്. ഇന്നുകാലത്തെ പത്രത്തിൽ ഞാൻ ഒരു വാർത്ത കാണുകയുണ്ടായി. അതായത് സഭാനേതാവിന്റെ പാർട്ടിയെ സംബന്ധിച്ചിടത്തോളം അതിന്റെ സെക്രട്ടറിയറ്റ് ഒരു തീരുമാനം എടുത്തിട്ടുണ്ട്; ഈ മന്ത്രിസഭ രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട്. ആ തീരുമാനം മുഖ്യമന്ത്രിയെ അറിയിക്കുന്നതിനു വേണ്ടിയിട്ട് ലോകസഭയിലെ ഒരു ബഹു:മെമ്പറായ ശ്രീ. ശ്രീകണ്ഠൻനായർ ഇന്ന് തിരുവനന്തപുരത്തു വരുന്നു എന്നും വിവരമുണ്ട്. അദ്ദേഹത്തിന്റെ പാർട്ടി ഇവിടത്തെ സഭാനേതാവിന്റെ പാർട്ടിയാണെന്നുമാത്രമല്ല ഈ സഭയിൽ ആറു മെമ്പറൻമാരുള്ള ഒരു പാർട്ടിയുമാണ്. ഇതിനുമുമ്പ് ഒരു പാർട്ടിയിലും പെടാത്ത നാലു മെമ്പറൻമാർ രേണകക്ഷി ബഞ്ചിൽനിന്നും പ്രതിപക്ഷത്തിലേയ്ക്കു മാറിയിരിക്കണമെന്ന് അങ്ങയോടാവശ്യപ്പെട്ട അവസരത്തിൽ ജനാധിപത്യപരമായ കീഴ്വഴക്കം പാലിക്കുന്നതിൽ ശ്രദ്ധാലുവായ മുഖ്യമന്ത്രി ഉടൻതന്നെ മറ്റെല്ലാ ബിസിനസുകളും നിറുത്തിവച്ച് ധനാഭ്യർത്ഥനകളുടെ വോട്ടിംഗ്പോലും നിറുത്തിവച്ച് വിശ്വാസ വോട്ട് നേടണമെന്നു പറയുകയുണ്ടായി. അത് പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട മെമ്പറൻമാരെല്ലാം മര്യാദപൂർവ്വവും ഔചിത്യപൂർവ്വവും ബുദ്ധിപൂർവ്വവും ആയ ഒരു പ്രവൃത്തിയായി വിശേഷിപ്പിക്കുകയും ചെയ്തു. അതു ശരിയോ തെറ്റോ എന്നുള്ള കാര്യത്തിലേക്കു ഞാനിപ്പോൾ കടക്കുന്നില്ല. അതിന് ഈ സഭയിൽ ഭൂരിപക്ഷ അംഗീകാരം നൽകിയിട്ടുള്ള സ്ഥിതിക്ക് നാല്പു സ്വതന്ത്ര മെമ്പറൻമാർ പോയപ്പോൾ എടുത്തതായ ആ നടപടിക്രമം 6 മെമ്പറൻ

9 A. M.

LIBRARY ARCHIVES Kerala Legislative Assembly

മ്മുള്ള ഒരു പാർട്ടി, അതും വിശേഷിച്ച് സഭാനേതാവിന്റെ പാർട്ടി ഇത്തരത്തിൽ ഒരു തീരുമാനം എടുത്തുകഴിഞ്ഞിട്ടുള്ള സ്ഥിതിക്ക്— അങ്ങനെ എടുക്കുക മാത്രമല്ല പരസ്യമായിട്ട് പത്രങ്ങൾക്കു കൊടുക്കുകയും ചെയ്തിരിക്കുകയാണ് — അപ്പോപ്പിയേഷൻ ബില്ലിനേതായ ഈ നടപടികൾതന്നെ നിറുത്തിവയ്ക്കുന്നതല്ലേ മുമ്പത്തെ കീഴ്വഴക്കങ്ങൾക്കു യോജിച്ചത് എന്നുള്ള കാര്യമാണ് എനിക്കു ഉന്നയിക്കാനുള്ളത്. ഇതിനെസംബന്ധിച്ച് സഭാനേതാവ് എന്തെങ്കിലും ആലോചിച്ചുകഴിഞ്ഞിരിക്കും. സഭാനേതാവിന് എന്താണ് പറയാനുള്ളതെന്നും അതുപോലെതന്നെ നാലു മെമ്പറൻമാർ പോയ്പ്പോയ കീഴ്വഴക്കം പാലിക്കാൻ ശുഷ്ക്കാന്തി കാണിച്ച മുഖ്യമന്ത്രി ഇന്നു 6 മെമ്പറൻമാരുള്ള ഒരു പാർട്ടി ഇങ്ങനെ മാറാൻ തുടങ്ങുന്ന സമയത്ത് എടുക്കുന്ന സമീപനം എന്താണെന്നും അറിഞ്ഞാൽ കൊള്ളാം.

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): എനിക്ക് ഇതിനെപ്പറ്റി വളരെ ലളിതമായ ഒരു സംഗതിമാത്രമേ പറയാനുള്ളൂ. സഭാനേതാവ് ഉൾക്കൊള്ളുന്ന പാർട്ടി ഇങ്ങനെയൊരു തീരുമാനമെടുത്തു മുഖ്യമന്ത്രി എന്നുള്ള നിലയിൽ എന്നെ അറിയിച്ചിട്ടില്ല. അങ്ങനെ അറിയിക്കുമ്പോൾ വളരെ ഗൗരവമായി ആലോചിക്കേണ്ട പ്രശ്നമാണെന്നു സമ്മതിക്കുന്നു. അപ്പോൾ ഗൗരവമായിത്തന്നെ ആലോചിക്കുകയും പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെതന്നെ ഇതിനെ സംബന്ധിച്ച് ഉചിതമായ തീരുമാനം എടുക്കുകയും ചെയ്യും.

ശ്രീ. ടി. കെ. ദിവാകരൻ: പ്രതിപക്ഷ നേതാവു പറഞ്ഞതുപോലെ ഇന്നുവൈകുന്നേരമാണ് ആ കാര്യത്തെപ്പറ്റിയുള്ള തീരുമാനം അറിയുന്നത് സഭാവ് ശ്രീകണ്ഠൻനായർ ഇവിടെ എത്തുമെന്ന് പത്രങ്ങളിൽനിന്ന് അറിയാൻ കഴിഞ്ഞിട്ടുള്ളത്. മുഖ്യമന്ത്രിയെ ഈ കാര്യം ആരും ഔദ്യോഗികമായി അറിയിക്കുകയും ചെയ്തിട്ടില്ല. ആ നിലയ്ക്ക് ഇന്നത്തെ സഭാനടപടികൾ ഈ ലിസ്റ്റിൽപ്പെടുത്തിയിരിക്കുന്നതിന് യാതൊന്നും തന്നെ തടസ്സമായി നിൽക്കുന്നില്ല. ഇതു സഭാനേതാവിന്റെ പാർട്ടി എന്നുള്ളതിനേക്കാൾ കൂടുതലായി ഞാൻ ഉൾക്കൊള്ളുന്ന പാർട്ടിയുടെ അഭിപ്രായമായിത്തന്നെ ഇവിടെ അവതരിപ്പിക്കുകയാണ്.

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: ഇതിപ്പോൾ പറയാനുള്ള പ്രത്യേക കാരണം അങ്ങേയ്ക്കു അറിയാവുന്നതുപോലെ ഇന്നോടുകൂടി ഈ സഭ സൈനഡേ പിരിയുന്നതിനുള്ള ചില ആലോചനകളെല്ലാം നടക്കുന്നുണ്ട്. സഭാനേതാവുതന്നെ അനൗപചാരികമായി ഇന്നലെ രാത്രി ഇങ്ങനെ ചില ആലോചനകളുണ്ടെന്ന് എന്നോടു പറയുകയുണ്ടായി. അങ്ങനെയുള്ള ചില ആലോചനകൾ ഉള്ള സന്ദർഭത്തിൽ മറെറാന്നുമില്ലെങ്കിലും ഇപ്പോൾ സഭാനേതാവു പറഞ്ഞതുപോലെ ശ്രീകണ്ഠൻനായർ ഇവിടെ വന്നിട്ട് കൂടിയാലോചന കഴിഞ്ഞ് അതിനെ സംബന്ധിച്ച് മുഖ്യമന്ത്രിയുമായി സംസാരിച്ച് അതിന്റെ അവസാന ഫലം എന്താണെന്നറിഞ്ഞ് വീണ്ടും ഈ സഭകൂടി വിശ്വാസ വോട്ട് തേടണമോ എന്ന് മുഖ്യമന്ത്രിക്കും അതല്ല അവിശ്വാസപ്രമേയം അവതരിപ്പിക്കണമോ എന്ന് ഞങ്ങൾക്കെല്ലാം ആലോചിക്കുന്നതിനുള്ള സമയം കൊടുക്കാത്തനിലയ്ക്ക് അർജ്ജൻറ് സൈനഡേ എന്നുള്ള നിർദ്ദേശമെങ്കിലും മാറിവയ്ക്കുമെന്നുള്ള പ്രഖ്യാപനമെങ്കിലും സഭാനേതാവ് ഇപ്പോൾ നൽകുമോ?

ശ്രീ. ടി. കെ. ദിവാകരൻ: സഭ അനിശ്ചിതകാലത്തേക്കു മാറിവയ്ക്കണമോ വേണ്ടയോ, എന്നുള്ളകാര്യം ഇന്ന് ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ അനൗപചാരികമായി ആലോചിക്കാനാണ് കൂടുന്നതെന്നും ഒരു ഉത്തരവാദിത്വമുള്ള പ്രതിപക്ഷ നേതാവെന്ന നിലയിൽ അങ്ങുതന്നെ നേരിട്ട് ഈ കമ്മിറ്റിയിൽ പങ്കുകൊള്ളുന്നത് നന്നായിരിക്കുമെന്നുള്ളതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഞാൻ ഇന്നലെ അനൗപചാരികമായി അദ്ധേഹത്തോട് സംസാരിച്ചു എന്നുള്ളത് ശരിയാണ്. വേറെ ആരേയും അയയ്ക്കാതെ അങ്ങുതന്നെ ആ യോഗത്തിൽ സംബന്ധിക്കുന്നത് നന്നായിരിക്കുമെന്ന് വിചാരിച്ചിട്ട് അനൗ പചാരികമായി സൂചിപ്പിച്ചു എന്നുള്ളത് ഞാൻ സമ്മതിക്കുന്നു. സഭ അനി ശ്ചിതകാലത്തേയ്ക്ക് നീട്ടിവയ്ക്കണമോ വേണ്ടയോ എന്നുള്ളത് ഗവൺ മെന്റു ഭാഗത്തുനിന്നുള്ള ബിസിനസിനെ ആശ്രയിച്ചാണ് പ്രധാനമായും ഇരിക്കുന്നത്. പത്തരമണിക്ക് ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടുന്ന അവസരത്തിൽ ഈ പ്രശ്നത്തെപ്പറ്റി സംസാരിക്കാൻ ഇടയുള്ളതുകൊണ്ട് അതിന് മുമ്പായി ഈ അവസരം ഉപയോഗിച്ചുകൊണ്ട് ഒരുറപ്പിനോ ചർച്ച യ്ക്കോ ഉള്ള അവസരമായി അദ്ധേഹം എടുത്തത് ഖേദകരമായിപ്പോയി എന്നു എന്നുമാത്രമേ എനിക്കു പറയാനുള്ളൂ.

ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട്: സഭാനേതാവ് ഞാൻ തന്നെ ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ ഹാജരാകുമെന്നു വിചാരിച്ചുകൊണ്ട് എന്നോടു കാണിച്ച ആ ബഹുമാനത്തിന് ഞാൻ നന്ദി പറയുകയാണ്. അതു സ്വീകരിച്ചുകൊണ്ടുതന്നെ ഞാൻ ഹാജരാകുകയും ചെയ്യുന്നതാണ്. പക്ഷെ അതുകൊണ്ട് പ്രശ്നം തീരുന്നില്ല. ഗവൺമെൻറു ബിസിനസ് ഇല്ലെന്ന് സഭാനേതാവ് പറഞ്ഞു. ഗവൺമെൻറിനില്ല, സഭയ്ക്ക് ബിസി നസുണ്ട്. സഭാനേതാവിൻെറ പാർട്ടി എടുത്തിട്ടുള്ള ഒരു തീരുമാന ത്തിൻെറ ഫലമായി തുടരുമോ തുടരുകയില്ലയോ എന്നുള്ളകാര്യം സംബ ന്ധിച്ച് സഭാനേതാവും, ശ്രീ. ശ്രീകണ്ഠൻനായരും, മുഖ്യമന്ത്രിയും തമ്മി ലുള്ള ചർച്ച എന്തായാലും ചർച്ച ചെയ്യാൻ അവർക്ക് തീർച്ചയായും സ്വാതന്ത്ര്യ മുണ്ട്, അവകാശമുണ്ട്, ആ ചർച്ചയെല്ലാം നടത്തുകയും വേണം. ആ ചർച്ച യെല്ലാം കഴിഞ്ഞിട്ട് പിന്നീട് എന്തു ചെയ്യണമെന്നു തീരുമാനിക്കാൻ സഭ യ്ക്ക് അധികാരമുണ്ട്. അതുകൊണ്ട് ഗവൺമെൻറിന് ബിസിനസ് ഇല്ലെ ന്നുള്ള വാദമെങ്കിലും അദ്ധേഹം പിൻവലിക്കണമെന്നും ഈ സഭയ്ക്ക് ബിസി നസുണ്ടെന്നും പറയാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: ഗവൺമെൻറിന് ബിസിനസ് ഇല്ലെന്നു ഞാൻ പറഞ്ഞില്ല. ഗവൺമെൻറിന് ബിസിനസ് ഉണ്ടോ ഇല്ലയോ എന്നു ള്ളതിനെ ആശ്രയിച്ചാണ് ഈ സഭ തുടരണമോ വേണ്ടയോ എന്നു നിശ്ച യിക്കണമെന്നാണ് ഞാൻ പറഞ്ഞത്. ആ കാര്യത്തെസംബന്ധിച്ചിട ത്തോളം ഇപ്പോഴും ഈ സമയത്ത് ഈ പ്രശ്നം ഉദിക്കുന്നില്ലെന്നുമാത്രമേ ഞാൻ പറഞ്ഞുള്ളൂ. അത് അവതരിപ്പിക്കുന്ന അവസരത്തിൽ അതിനുള്ള അംഗീകാരത്തോടുകൂടിതന്നെ ഈ സഭയുടെ മുൻപാകെ കൊണ്ടുവരികയും അപ്പോഴും പ്രതിപക്ഷനേതാവിന് അദ്ധേഹത്തിൻേറതായ അഭിപ്രായം പറയാനുള്ള അവസരം ലഭിക്കുകയും ചെയ്യും. അതുവരെ അദ്ധേഹം കാത്തിരിക്കണമെന്നുമാത്രമേ ഈ അവസരത്തിൽ എനിക്കു പറയാനുള്ളൂ.

ശ്രീ. കെ. കരുണാകരൻ: സർ, ഈ സഭയുടെ മുമ്പാകെ ഏപ്രിൽ മാസം 10—ാം തീയതിവരെയുള്ള ബിസിനസ്സുണ്ട്. ഇവിടെ അജണ്ട താൽക്കാലികമായി സസ്പെൻറു ചെയ്തിരുന്നുവെങ്കിലും പിന്നീട് അജണ്ട അനുസരിച്ചുപോവുകയാണ്, ഇന്നു പത്തര മണിക്ക് സഭ നിറുത്തി വയ്ക്കണമോ തുടർന്നു നടത്തണമോ എന്ന് നിശ്ചയിക്കാൻ ബിസിനസ് അഡ്വൈസറി കമ്മിറ്റി കൂടുന്നുണ്ട്. അപ്പോഴും പ്രതിപക്ഷ നേതാവ് മറ്റു കാര്യങ്ങളും ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയായില്ല. നാലംഗങ്ങളും അവരുടെ അഭിപ്രായം സ്പീക്കറെ അറിയിക്കുന്നതും പത്രത്തിൽവരുന്ന വാർത്തയും തമ്മിൽ വ്യത്യാസമുണ്ട്. ഇങ്ങനെ പത്രത്തിലെ വാർത്തയും കൊണ്ടു വരുമ്പോഴും എനിക്ക് ഓർമ്മവരുന്നത് അക്കരെ പട്ടികുരയ്ക്കുന്നതു കണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ആറ്റിൽ വെള്ളം കുറവാണെന്നുകണ്ടു കുടക്കാലൂരിയനമ്പൂതിരിയുടെ കഥയാണ് അതുപോലെ അദ്ദേഹം സഭയിൽ വന്നുനിന്നു പറയുകയാണ്.

(പ്രതിപക്ഷ ബഞ്ചുകളിൽ ബഹളം)

ശ്രീ. എം. രാമുണ്ണി: സർ, എനിക്കൊന്നു പറയാനുണ്ട്. ഞാൻ ബഹുമാനപ്പെട്ട സ്പീക്കറുടെ പേരിൽ ഒരു അവിശ്വാസപ്രമേയത്തിന് നോട്ടീസു തന്നിരുന്നു. ആ നോട്ടീസ് ഞങ്ങൾക്കൊന്നും സർക്കുലേറ്റു ചെയ്തിട്ടില്ല. ഏതായാലും ഈ സഭാനടപടികളും നിറുത്തിവയ്ക്കുന്നത് ഒരിക്കലും ശരിയല്ല. ഞാൻ നോട്ടീസു തന്ന മോഷൻ ചർച്ച ചെയ്തു തീരുമാനിക്കാനുള്ള അവസരം ലഭിക്കണം.

മി. സ്പീക്കർ. അതു ഞാൻ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. പരിശോധിച്ചതിനുശേഷം പറയാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഇന്നലെ ശ്രീ. പി. ഗംഗാധരൻ ചോദ്യോത്തരവേളയിൽ ഒരുകാര്യം സൂചിപ്പിക്കുകയുണ്ടായി. അത് അദ്ദേഹം എഴുതിത്തന്നിട്ടുണ്ടെന്നും പറഞ്ഞു. അതാണ് ഈ പറഞ്ഞ പടം. ഈ പടത്തിൽ കൗമുദി നൽകിയിരിക്കുന്ന വിവരം, വിജയശ്രീലാളിതനായ മുഖ്യമന്ത്രിയെ ഹർഷോന്മാദത്തോടെ നിയമസഭാഹാളിലെ പ്രധാന കവാടത്തിൽനിന്നും അനുയായികളും സ്വീകരിച്ചുകൊണ്ടുവരുന്നു എന്നാണ്. അനുയായികളുടെ കൂട്ടത്തിലുള്ളതാണ് മന്തൻവാവ എന്നറിയപ്പെടുന്ന കുപ്രസിദ്ധ റൗഡിത്തലവൻ. സകല തൊഴിലാളി കർഷകസമരങ്ങളെയും അടിച്ചമർത്തുന്നതിനുവേണ്ടി നേതൃത്വം കൊടുത്ത ഗുണ്ടാത്തലവൻ.....

ശ്രീ. കെ. എം. മാണി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഇന്നലെ ഇക്കാര്യം ശ്രീ. ഗംഗാധരൻ ഈ നിയമസഭയിൽ ഉന്നയിക്കുകയും അത് എഴുതിത്തരാൻ അങ്ങു പറയുകയും ചെയ്തതാണ്. അപ്രകാരം എഴുതിക്കൊടുത്തു സ്പീക്കർ അതിനെപ്പറ്റി അന്വേഷിച്ച് നടപടികളും സ്വീകരിക്കുന്നതാണെന്ന് പറയുകയും ചെയ്തിട്ടുള്ളനിലക്ക് അതു വീണ്ടും ബഹു: മെമ്പർ പൊക്കിപ്പിടിച്ചുകൊണ്ട് ഇങ്ങനെ പറയുന്നത് ഓർഡറിലാണോ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങ് റൂളിംഗ് കൊടുക്കുന്നതിനു മുൻപ് എനിക്ക് അങ്ങയുടെ മുൻപിൽ ഒരു കാര്യംകൂടി കൊണ്ടുവരാനുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട രാമകൃഷ്ണനു പറയാനുള്ളതുകൂടി എഴുതി എന്റെ കൈയിൽ ഏൽപ്പിച്ചാൽ മതി. ബഹുമാനപ്പെട്ട മെമ്പർ എനിക്ക് എഴുതിത്തന്ന ഉടൻതന്നെ ഇതിനകത്തു പേരു പറഞ്ഞിരിക്കുന്ന ബഹുമാനപ്പെട്ട മാണി അതുപോലെ ബഹുമാനപ്പെട്ട ടി. എ. മജീദ്, അതുപോലെ മുഖ്യമന്ത്രി ഇവരെയൊക്കെ വിളിച്ച് ഇതിന്റെ വസ്തുതയെസംബന്ധിച്ച് ഞാൻ ചോദിച്ചു.

ശ്രീ. ഇ. എം. ജോർജ്: എന്തിനാണ് ശ്രീ. മാണിയെ വിളിച്ചു ചോദിച്ചത്?

മി. സ്പീക്കർ: എന്തിനാണ് ശ്രീ. മാണിയോട് ചോദിച്ചതെന്ന് ശ്രീ. ജോർജ് ചോദിച്ചാൽ ഗംഗാധരന്റെ ലറ്ററിനകത്ത് മാണിയുടെ പേരെഴുതിയിട്ടുണ്ട്. ഇങ്ങനെയൊക്കെ കയറി ചോദിച്ചാൽ എങ്ങനെയാണ്. ഏതായാലും ഇതിനെപ്പറ്റി ഞാൻ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട രാമകൃഷ്ണനു തരാനുള്ള ഫാക്ടും എന്റെ അടുക്കൽ തരണം. തീർച്ചയായും ഇതിനെപ്പറ്റി അന്വേഷിച്ച് വിവരമെന്താണെന്ന് സഭയെ അറിയിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഞാൻ പറയുന്നത് എന്താണെന്നു കേൾക്കുന്നതിനു മുമ്പാണ് ശ്രീ. മാണി പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചത്.

മി. സ്പീക്കർ: ഇങ്ങനെ ആയാൽ എല്ലാപേർക്കും വല്ലതും പറയാൻ കാണും.

ശ്രീ. കെ. എം. മാണി: അദ്ദേഹത്തിന് സംസാരിക്കാൻ സമയം കൊടുക്കുകയാണെങ്കിൽ ഞങ്ങൾക്കും സമയം തരണം. അങ്ങനെ ഇത്തരം ഡിസ്കഷനിലേയ്ക്കു പോകട്ടെ.

(ശ്രീമതി. കെ. ആർ. ഗൗരി, ശ്രീമാൻമാർ എ. വി. ആര്യൻ, പി. ഗംഗാധരൻ, ടി. കെ. രാമകൃഷ്ണൻ, ഇ. അഹമ്മദ്, കെ. എം. മാണി മുതലായവർ ഒരുമിച്ചെഴുന്നേറ്റുനിന്ന് ബഹളം വയ്ക്കുന്നു.)

മി. സ്പീക്കർ: ദയവായിട്ട് ഇതു തുടർന്നുകൊണ്ടു പോകരുത്. ബഹുമാനപ്പെട്ട രാമകൃഷ്ണന്റെ കൈയിലുള്ള കടലാസും എന്റെ കൈയിൽ തന്നാൽമതി. ഈ വിഷയം എന്റെ സജീവമായ പരിഗണനയിൽ ഇരിക്കുകയാണ്. എല്ലാ ആളുകളെയും വിളിച്ചുചോദിച്ചു. ഇനി ഇക്കാര്യം ഉന്നയിക്കേണ്ട.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഇത് വേറെ പല പത്രത്തിലും .....

മി. സ്പീക്കർ: ഇങ്ങനെ ആയാൽ ഓരോരുത്തരും പറഞ്ഞു തുടങ്ങും.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഈ കാര്യത്തിലുള്ള ചർച്ച അനുവദിക്കുന്നില്ലെന്ന് അങ്ങ് പറഞ്ഞുകഴിഞ്ഞു.

മി. സ്പീക്കർ: ഞാൻ ഇനി ഈ കാര്യത്തെപ്പറ്റിയുള്ള ചർച്ച അനുവദിക്കുന്നില്ലെന്നു പറഞ്ഞുകഴിഞ്ഞു. ഇനി ചർച്ച അനുവദിക്കുന്നില്ല.

PAPERS LAID ON THE TABLE

Minister for Local Administration (**Shri K. Avukaderkutty Naha**): Sir, I lay on the Table a copy of the Notification G. O. (MS) No. 17/70/PW dated January 16, 1970 issued by the Government under sub-section (1) of Section 2 of the Kerala Public Services Act, 1968 (19 of 1968) containing amendments to the Kerala Engineering Service Rules.

LEGISLATIVE BUSINESS

The Kerala Gaming (Amendment) Bill

Minister for Home and Education (**Shri C. H. Mohammed Koya**): Sir, I present the Report of the Select Committee on the Kerala Gaming (Amendment) Bill, 1969.

Calling attention under Rule 61

Break down of the L. P. School at Edanila

മി. സ്പീക്കർ: ആർഡർ. ആർഡർ. നെടുമങ്ങാട് സബ് ജില്ലയിൽപ്പെട്ട ഇടനില എൽ. പി. സ്കൂളിൽ കഴിഞ്ഞ 23-ാം തീയതി സ്കൂൾ വാർഷികത്തോടനുബന്ധിച്ച് കായികമത്സരങ്ങൾ നടക്കുമ്പോൾ ഒരു സംഘം റൗഡികൾ സ്കൂളിനുള്ളിൽ പ്രവേശിക്കുകയും പിഞ്ചു വിദ്യാർത്ഥികളെ

LIBRARY ARCHIVES Kerala Legislative Assembly